"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി.ക്ലർക്ക് ശ്രീ.ജോൺസൺ സി ജേക്കബിനെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്

സ.ഉ.(സാധാ) നം.2015/2022/LSGD തീയതി,തിരുവനന്തപുരം, 19-08-2022

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 11.03.2015-ലെ സി2(വി.സി 3/14/തൃശ്ശൂർ) 810/2014 നമ്പർ കത്ത്.

2. ശ്രീ.ജോൺസൺ സി ജേക്കബിന് സർക്കാരിൽ നിന്നും നൽകിയ 11.06.2020-ലെ ഇആർബി1/45/2020/തസ്വഭവ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. ഗ്രാമവികസന കമ്മീഷണറുടെ 22.12.2020-ലെ 332/എസ്റ്റാ എ3/ 2020/സിആർഡി നമ്പർ കത്ത്.

4. ഗ്രാമവികസന കമ്മീഷണറുടെ 18.04.2022-ലെ 332/2020/എസ്റ്റാ എ3/ സി.ആർ.ഡി നമ്പർ കത്ത്.

ഉത്തരവ്

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ 13.05.2014-ന് അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ടി.വി.ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.വിപിൻ ദാസ്, ഓവർസീയർ ഗ്രേഡ് I ശ്രീമതി അംബിക വി.കെ., ഓവർസീയർ ഗ്രേഡ് II ശ്രീമതി ശ്രീവിദ്യ വി, ലോവർ ഡിവിഷൻ ക്ലർക്ക് ശ്രീ.ജോൺസൺ സി ജേക്കബ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തുകൊണ്ട് വിജിലൻസ് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

തുടർന്ന് ടി ഓഫീസിലെ എൽ.ഡി. ക്ലർക്കായ ശ്രീ.ജോൺസൺ സി ജേക്കബിനെതിരെ കെ.സി.എസ്. (സിസി&എ) ചട്ടം, ചട്ടം 16 പ്രകാരം സർക്കാരിൽ നിന്നും അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം ടിയാൻ പ്രതിവാദപത്രിക സമർപ്പിച്ചു. 13.05.2014-ന് അവിചാരിതമായി നേരിട്ട വ്യക്തിപരമായ ആവശ്യം കാരണമാണ് തനിക്ക് ഓഫീസിൽ ഹാജരാകുവാനോ അവധി അപേക്ഷ മുൻകൂട്ടി സമർപ്പിക്കുവാനോ സാധിക്കാതിരുന്നതെന്നും, തൊട്ടടുത്ത ദിവസം ഓഫീസിൽ വന്ന് അവധി അപേക്ഷ സമർപ്പിച്ചപ്പോൾ തലേദിവസം വിജിലൻസ് പരിശോധന ഓഫീസിൽ നടന്നെന്നും, ഹാജർ പുസ്തകത്തിൽ ചുവന്ന മഷിയിൽ ഹാജർ കോളത്തിൽ മാർക്ക് ചെയ്തതായി കണ്ടുവെന്നും, അതിനെത്തുടർന്ന് ഓഫീസ് മേലധികാരിയെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ വിജിലൻസ് നടപടികളിൽ തീരുമാനമായതിനശേഷം മാത്രം അവധി അപേക്ഷയിൽ തീരുമാനം എടുക്കാമെന്ന് അറിയിച്ചതിനാലുമാണ് അവധി അപേക്ഷ സമർപ്പിക്കാതിരുന്നതെന്നും ഓഫീസിൽ ഹാജരാകാതിരുന്നത് മന:പൂർവ്വമായി ചെയ്ത ഒരു കൃത്യവിലോപമായി കണക്കാക്കാതെ മറ്റു നിയമനടപടികളിൽ നിന്നും ഒഴിവാക്കി തരണമെന്നും, മേലിൽ ഇത്തരം വീഴ്ച തന്റെ ഭാഗത്തുനിന്നും ഉണ്ടാവില്ലെന്നും ശ്രീ.ജോൺസൺ സി ജേക്കബ് പ്രതിവാദപത്രികയിൽ ബോധിപ്പിച്ചു. പരാമർശം (4) പ്രകാരം പ്രതിവാദപത്രകയിൻമേലുള്ള ഗ്രാമവികസന കമ്മീഷണറുടെ അഭിപ്രായം ലഭ്യമാക്കി.

സ.ഉ.(സാധാ) നം.2015/2022/LSGD

ശ്രീ.ജോൺസൺ സി ജേക്കബ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഓഫീസിലെ ക്ലർക്കായിരുന്നുവെന്നും നിലവിൽ ടിയാൻ തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ്) സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ സീനിയർ ക്ലർക്കാണെന്നും ടിയാന്റെ ഹാജർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബി.ഡി.ഒ-യുടെ അധികാരപരിധിയിൽ വരുന്നതല്ലെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു. ഈ വിഷയത്തിൽ ഓഫീസ് മേധാവിയായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ആകസ്മിക അവധി ഒഴികെ മറ്റു അവധികൾ ഒന്നും ശ്രീ.ജോൺസൺ എടുത്തിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ജോൺസൺ സി ജേക്കബ് ജോലിയിൽ ഹാജരാകാതിരുന്നത് അവിചാരിതമായ ആവശ്യം മൂലമായതിനാലും, ടിയാൻ ആകസ്മിക അവധി അല്ലാതെ മറ്റ് അവധികൾ ഒന്നും എടുത്തിട്ടില്ലാത്തതിനാലും, ഓഫീസിൽ ഹാജരാകാതിരുന്നത് മന:പൂർവ്വമല്ലായിരുന്നു എന്ന് ബോധ്യപ്പെട്ടതിനാലും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ എൽ.ഡി. ക്ലർക്കായിരുന്ന ശ്രീ.ജോൺസൺ സി ജേക്കബിനെതിരെ കെ.സി.എസ്. (സിസി&എ) ചട്ടം 16 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിക്കൊണ്ട് ടിയാനെ കുറ്റവിമുക്തനാക്കി തീർപ്പ് കല്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. ശ്രീ.ജോൺസൺ സി ജേക്കബ്, മുൻ എൽ.ഡി. ക്ലർക്ക്, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് (ഗ്രാമവികസന കമ്മീഷണർ മുഖേന)
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ് / എ&ഇ) കേരള, തിരുവനന്തപുരം.
5. വിജിലൻസ് (ഇ) വകുപ്പ്,
6. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (web & new media)
8. ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ